# ഒരുമ

## Digital Magazine



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

**AMRITA BOYS HIGHSCHOOL PARAKODE**

**2018-2019**

ഞങ്ങളുടെ ഓരോ കാൽവയ്പ്പിലും

അമൃതപ്രകാശം ചൊരിയുന്ന ലോകാരാധ്യയായ

അമ്മയ്ക്ക് പ്രണാമങ്ങളോടെ



## അമൃത ബോയ്സ് ഹൈസ്കൂൾ ,പറക്കോട്

### അവതരിപ്പിക്കുന്ന ഡിജിറ്റൽ മാഗസിൻ

## ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം




# താളുകളിലൂടെ


| ക്രമനമ്പർ | ഇനം | പേജ് |
|---|---|---|
| 1 | പ്രാർത്ഥന | 6 |
| 2 | സന്ദേശം | 7 |
| 3 | എഡിറ്റോറിയൽ | 8 |
| 4 | സമർപ്പണം | 9 |
| 5 | സംസ്ഥാനതല വിജയികൾ | 11 |
| 6 | ചിത്രം | 12 |
| 7 | സത്യവും മിഥ്യയും(കവിത) | 13 |
| 8 | ലേഖനം | 14 |
| 9 | കൈവല്യം(കവിത) | 15 |
| 10 | poem | 16 |
| 11 | ലേഖനം | 17 |
| 12 | ഉദ്ധരണികൾ | 18 |
| 13 | അമ്മ(കവിത) | 19 |
| 14 | About energy | 20 |
| 15 | കുസൃതിക്കവിത | 21 |
| 16 | നേരമില്ലണ്ണിയ്ക്കു നേരമില്ല(കവിത) | 22 |
| 17 | സിപ്പ് തുറന്നാൽ | 23 |
| 18 | ലേഖനം | 24 |
| 19 | യോഗസൗഖ്യം | 26 |

| | | |
|---|---|---|
| 20 | പഴംപൊരി(കവിത) | 27 |
| 21 | പഴംചൊല്ല് | 28 |
| 22 | വിളക്കുമരം | 29 |
| 23 | എത്രയെന്നു പറയാമോ? | 30 |
| 24 | വിചിത്ര വിശേഷം | 31 |
| 25 | Googol not Google | 32 |
| 26 | ഒട്ടിപ്പോ വാക്കുകൾ | 33 |
| 27 | എൻെറ അമ്മ(കവിത) | 34 |
| 28 | പഴഞ്ചൊല്ല് | 35 |
| 29 | ഹിന്ദി വിഭാഗം | 36 |
| 30 | Fantastic 2019 | 37 |
| 31 | കൃഷ്ണാ  നീയെന്നെ(കവിത) | 38 |

# പ്രാർത്ഥന



ദൈവമേ കൈതൊഴാം

കേൾക്കുമാറാകണം

പാവമാമെന്നെ നീ കാക്കുമാറാകണം

എന്നുള്ളിൽ ഭക്തിയുണ്ടാകുമാറാകണം

നിന്നെ ഞാനെന്നുമേ

കാണുമാറാകണം

നേർവഴിക്കെന്നെ നീ കൊണ്ടുപോയീടണം

നേർവരും സങ്കടം ഭസ്മമാക്കീടണം

ദുഷ്ടസംസർഗ്ഗം

വരാതെയായീടണം

ശിഷ്ടരായുള്ളവർ തോഴരായീടണം
നല്ല കാര്യങ്ങളിൽ പ്രേമമുണ്ടാകണം
നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം
കൃത്യങ്ങൾ ചെയ്യുവാൻ
ശ്രദ്ധയുണ്ടാകണം
സത്യം പറഞ്ഞിടാൻ
ശക്തിയുണ്ടാകണം


# സന്ദേശം



പൊതുവിദ്യാഭ്യാസ മേഖല വിപ്ളവകരമായ ഒരു മാറ്റത്തിലൂടെ കടന്നു പോകുന്ന ഈ  കാലഘട്ടത്തിൽ ലിറ്റിൽ കൈറ്റ്സ് നടത്തുന്ന പ്രവർത്തനങ്ങൾ അങ്ങേയറ്റം പ്രശംസനീയമാണ്.നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു

ആർ.മധുസൂദനൻനായർ
ഹെഡ് മാസ്ററർ

# എഡിറ്റോറിയൽ



"ഒന്നായാൽ നന്നായി
നന്നായാൽ ഒന്നായി
ഒന്നാവണം
നന്നാവണം"

കവി കുഞ്ഞുണ്ണി മാഷിൻെറ എത്ര
അർത്ഥസംപുഷ്ടമായ വരികൾ.

എന്നാൽ ഈ "ഒരുമ" നമുക്കെവിടെയോ
നഷ്ടമാകുന്നുവോ?

സമകാലീന സംഭവവികാസങ്ങൾ എന്താണ് നമ്മെ
പഠിപ്പിക്കുന്നത്?

പ്രളയകാലത്ത് കേരളം പ്രകടിപ്പിച്ച ആ "ഒരുമ" നമുക്ക്

തിരിച്ചുപിടിക്കേണ്ടേ?

പ്രത്യാശയോടെ ഞങ്ങളുടെ എളിയ സൃഷ്ടി

"ഒരുമ"

**ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ അമൃതബോയ്സ് ഹൈസ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ കൈറ്റ് മിസ്ട്രസുമാരായ ഇന്ദുകല ടീച്ചറിനും മായ ടീച്ചറിനും നന്ദി.**

**അഭിഷേക് സി.ആർ**
**-എഡിറ്റർ**
**9A**



# ലിറ്റിൽ കൈറ്റ്സ് ടീം അംഗങ്ങൾ



## ഈ സ്കൂളിന്റെ അഭിമാനഭാജനങ്ങൾ

## സംസ്ഥാനതല വിജയികൾ




DEVANARAYAN, 8A,Thabla





DEVANARAYAN,10B (Maths Group Project) AZAD. N,10B



# ഞാനും നീയും മിഥ്യ

കടപ്പാട്:
സ്വാമിജി  തുരിയാമൃതാനന്ദപുരി,മാനേജർ



ദേഹി ദാഹിപ്പ ദേഹം ധരിക്കുവാൻ
ദേഹമെന്നാൽ ദഹിക്കുന്നതാകിലും
ദേഹധാരണം ചെയ്കിലും ദേഹത്തെ
ദേഹി സംത്യജിച്ചീടുന്നു പിന്നെയും

ദേഹമോരോന്നെടുത്തണിയുമ്പോഴും
ദേഹമോരോന്നഴിച്ചെറിയുമ്പോഴും
ദേഹി,ദേഹിയായ്ത്തന്നെ വർത്തിച്ചിടും
ദേഹസംയുക്തഭാവമില്ലല്പവും

ദേഹിയെന്നുള്ള പേരോതിടുന്നതും
ദേഹസങ്കല്പകാലത്തു മാത്രമാം
ദേഹമുണ്ടേലുമില്ലേലുമെപ്പോഴും
ദേഹിയാത്മസ്വരൂപമെന്നോർക്കണം

ദേഹിയെന്തിനു ദേഹം ധരിക്കുന്നു?
ദേഹമല്ല, ഞാൻ ദേഹിയെന്നോരുവാൻ
ദേഹബോധമഴിഞ്ഞു വീണാലുടൻ
ദേഹിദേഹസങ്കല്പവും മാഞ്ഞുപോം!

പിന്നെ, ഞാനായതെന്തെന്നു കാണുകിൽ
ഞാനും നീയുമില്ലാതുള്ള ചേതന
ശുദ്ധബോധ,പ്രവാഹത്തിൽ നിന്നെഴും
വിസ്ഫുലിംഗമാണീ വിശ്വമൊക്കെയും!

# ഗാന്ധിജിയുടെ വിദ്യാഭ്യാസ ചിന്തകൾ

## അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി

**ഗാന്ധിജി ആവിഷ്ക്കരിച്ച ദേശീയ വിദ്യാഭ്യാസ പദ്ധതി അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി എന്ന പേരിൽ അറിയപ്പെടുന്നു.ഇത് വാർധാ പദ്ധതി,ബേസിക് എഡ്യുക്കേഷൻ ,നയി താലിം എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നു.ഇന്ത്യയിലെ വിദ്യാഭ്യാസം ദേശീയ താല്പര്യത്തിന് അനുഗുണമായിട്ടല്ല സംവിധാനം ചെയ്തിട്ടുളളതെന്ന് സ്വാതന്ത്ര്യസമര കാലത്ത് ഗാന്ധിജിയ്ക്ക് ബോധ്യമായി.**

**കുട്ടികളുടെയും മുതിർന്നവരുടെയും ശാരീരികവും മാനസികവും ആത്മീയവുമായ കഴിവുകളെ വികസിപ്പിക്കുകയാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യമെന്നും സാക്ഷരത എന്നത് വിദ്യാഭ്യാസത്തിനുള്ള ഒരു ഉപകരണം മാത്രമാണെന്നും ജീവിതത്തിന് ഉപകരിക്കുന്ന ഏതെങ്കിലും ഒരു കൈത്തൊഴിൽ പഠിച്ചു കൊണ്ടാണ് വിദ്യ ആരംഭിക്കേണ്ടതെന്നും അദ്ദേഹം സമർത്ഥിക്കുന്നു.**

**തൊഴിൽ എന്നതുകൊണ്ട് അദ്ദേഹം വിവക്ഷിച്ചത് നൂൽനൂല്പ്,നെയ്ത്ത് ഇത്യാദി ഗ്രാമീണർക്ക് പറ്റിയ തൊഴിലുകളായിരുന്നു.ഗ്രാമ പുരോഗതിയെ ത്വരിതപ്പെടുത്തി പുതിയ ഒരു സാമൂഹിക ക്രമത്തിന് അടിത്തറ പാകാൻ അത്തരം വിദ്യാഭ്യാസ പദ്ധതിക്ക് മാത്രമേ കഴിയൂ എന്ന് ഗാന്ധിജി തീർച്ചപ്പെടുത്തുന്നു**



# കൈവല്യം

ഏതുമാകാമാദ്യ ജന്മം
ഏതുമാകാമനന്തര ജന്മം
ജന്മമേതെന്നാകിലും
ഈ ജന്മം പുണ്യജന്മം
ഇതു മനുഷ്യജന്മം
പുണ്യമാമീ ജന്മത്തിൽ
പാപങ്ങൾ ചെയ്കിലോ
കിട്ടുമനന്തരജന്മം
നമുക്കതു നിശ്ചയം
അതു നീചജന്മമെന്നോർക്ക നാം
ജന്മപാപ ഫലങ്ങൾ തീരാൻ
ചെയ്യുവിൻ സത്കർമ്മങ്ങളേവരും
കർമ്മങ്ങൾ നന്നെങ്കിൽ
കൈവരും നമ്മൾക്കു കൈവല്യവും

ലളിത,
മലയാളം അധ്യാപിക

# MY GRANDMOTHER HOUSE

**There is house now far away where once**
**I receive Love...That woman died**
**The house withdrew into silence,snakes moved**
**Among book,,I was then too young**
**To read ,and my blood turned clod like the moon**
**how often i think of going**
**there, to peer through blind eyes of windows or**
**just listen to the frozen air**
**or in wild despair pick an armful of**
**darkness to bring it hereto lie**
**behind my bedroom door like a brooding**
**dog...you cannot believe,darling**
**can you , that i lived in such a house and**
**was proud and loved...i who have lost**
**my way and beg now at strangers doors to**
**receive love at least in small change?**



Kamala surayya
[1934-2009]
known by the names
madhavikutty and kamala das
,was a gifted bilingual writer
who could delight her readers with
her inimitable style in both
englishand malayalam .she is popular as a poet and short story writer .She was the recipient of awards like ezhuthachan puraskaram,vayalar award ,etc. My story ,the old playhouseand other poems ,padmavati the harlot and other stories , my mother at sixty six

# ഭാരതീയ സംഗീത മഹിമ



ഭാരതം സംഗീത ശാഖകളാൽ വളരെസമ്പന്നമാണ്.ഉത്തരേന്ത്യൻസംഗീതം അഥവാ ഹിന്ദുസ്ഥാനിസംഗീതം,ദക്ഷിണേന്ത്യൻ സംഗീതംഅഥവാ കർണാടക സംഗീതം,രവീന്ദ്ര സംഗീതം,നാടൻപാട്ട് എന്നിവ ഏതാനും ചിലതു മാത്രമാണ്.കേരളം ,തമിഴ് നാട്,ആന്ധ്രപ്രദേശ്,കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽഏറ്റവും പ്രചാരമുള്ള സംഗീതശാഖ കർണ്ണാടക സംഗീതമാണ്.

കർണ്ണാടക സംഗീത പിതാമഹൻ എന്ന് അറിയപ്പെടുന്നത് ശ്രീ പുരന്ദരദാസർആണ്.മായാമാളവഗൗള രാഗത്തെ ആധാര രാഗമാക്കിവരിശകളുംഅലങ്കാരങ്ങളുംജണ്ടവരിശകൾഥാട്ടുവരിശകൾ ,മദ്ധ്യസ്ഥായി വരിശകൾ എന്നിങ്ങനെ അഭ്യാസ പാഠ്യപദ്ധതി അദ്ദേഹമാണ് ചിട്ടപ്പെടുത്തിയ ഈ പാഠ്യപദ്ധതി ഇന്നും പിൻതുടരുന്നു.

കർണ്ണാടക സംഗീതത്തിൽ വിദ്യാർത്ഥികൾക്കു സഹായകരമായി നിരവധി അഭ്യാസഗീതങ്ങൾ അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ട്.അദ്ദേഹത്തിന് പിൻമുറയായി വന്ന കർണ്ണാടക സംഗീത ത്രിമൂർത്തികളായ ത്യാഗരാജസ്വാമി,മുത്തുസ്വാമി ദീക്ഷിതർ,ശ്യാമാശാസ്ത്രി,പാപനാശം മഹാവൈദ്യനാഥഅയ്യര് ശ്രീസ്വാതിതിരുനാൾ,അങ്ങനെപ്രഗല്ഭരായ വിദ്വാന്മാരാൽ സമ്പന്നമാണ് കർണ്ണാടക സംഗീതശാഖ.ഭാരതീയ സംഗീത മഹിമ കേവലം ചില വാക്കുകളിലൂടെ പ്രകടമാക്കുക അസാധ്യമാണ്.

കാർത്തിക ,സംഗീതാധ്യാപിക

# <u>ഹോക്കിങ്ങിൻെറ പ്രശസ്തവാചകങ്ങൾ</u>



"ജീവനുള്ള കാലത്തോളം പ്രതീക്ഷകളുമുണ്ട്."

" അപൂർണ്ണതകളില്ലെങ്കിൽ നിങ്ങളോ ഞാനോ നിലനിൽക്കുമായിരുന്നില്ല."

"ഒരിക്കലും അധ്വാനം അവസാനിപ്പിക്കരുത്.അധ്വാനമാണ് ജീവിതത്തിന് അർഥവും ലക്ഷ്യവും നൽകുന്നത് അതില്ലെങ്കിൽ ജീവിതം ശൂന്യമാണ്."

**"അകാലമരണം പ്രതീക്ഷിച്ചാണ് കഴിഞ്ഞ 49 വർഷവും ഞാൻ ജീവിച്ചത്.എനിക്ക് മരണത്തെ പേടിയില്ല.എന്നാൽ മരിക്കാൻ അത്ര ധൃതിയുമില്ല.ഒരുപാട് കാര്യങ്ങൾ അതിനുമുമ്പ് ചെയ്തു തീർക്കാനുണ്ട്."**

## നിങ്ങൾക്കറിയാമോ?

**വൈകാതെ ഇല്ലാതാകാൻ പോകുന്ന 42 ഭാഷകൾ ഇന്ത്യയിലുണ്ട്.ഈ ഭാഷകൾ ഓരോന്നും സംസാരിക്കുന്നവരുടെ എണ്ണം ഇപ്പോൾ വെറും പതിനായിരത്തിൽ താഴെയാണ്!**

അ

അ അമ്മ അമ്മിഞ്ഞ
അമ്മിഞ്ഞപ്പാലമ്മതരും
അ അപ്പം ചുട്ടുതരും
അപ്പം തിന്നാൻ ചെപ്പുതരും

അ അക്ഷരം എഴുതുമ്പോള്
അക്ഷരമാല പറഞ്ഞുതരും

അ അക്ഷരമറിയുമ്പോള്
അറിവിൻ വാതില് തുറന്നു വരും

അ അരികത്തെന്നെന്നും
അമ്മയിരുന്നാൽ നന്മ വരും
നന്മ വരാനായെന്നെന്നും
അമ്മയോടോപ്പമിരിക്കും ഞാൻ

ശിവജി.ടി

9A



# About Energy



You can't see energy. You can't touch it our hold in your hand .

But energy is every where . Energy is the Ability to do work . To mack things happened and to cause changes . There are many different forms of energy ....

- Chemical energy ⟶ Contained in atoms and molecules .
- Kinetic energy ⟶ in moving objects.
- Sound energy ⟶ When atoms or objects vibrate.
- Nuclear energy ⟶ When atoms join or split a part.
- Electrical energy ⟶ From moving electrons.
- Magnetic energy ⟶ Due to magnetic Attractions.
- potential energy ⟶ From an objects positions.

RAM MOHAN 9A



കുസൃതിക്കവിത

## ഒറ്റശ്വാസത്തിൽ ചൊല്ലാമോ?

അറയിലൊരറുപതു
പറനിറയെച്ചെറു-
പയറു വറുത്തതു-
മരികത്തിരുപതു
മുറമതിലുള്ളൊരു
മുതിര വറുത്തതു
വെറുതേ വാരി-
ക്കാറുമുറു കറുമുറു
കറുമുറു തിന്നെൻ
വയറു നിറഞ്ഞേ.......

ശിവജി

# നേരമില്ലുണ്ണിയ്ക്കു നേരമില്ല

കടപ്പാട്-എടപ്പാൾ സി സുബ്രമണ്യൻ



തുമ്പിയെക്കൊണ്ടൊരു കല്ലെടുപ്പിക്കുവാൻ
തുമ്പപ്പൂവൊന്നു പറിച്ചീടുവാൻ
നാലുകാൽനാട്ടിയൊരോലപ്പുര കെട്ടി
കഞ്ഞിവെച്ചീടുവാൻ നേരമില്ല

നെല്ലീ മരത്തിലേക്കാഞ്ഞൊന്നെറിയുവാൻ
കല്ലെടുത്താലമ്മ കണ്ണുരുട്ടും
ഊഞ്ഞാലും കെട്ടാൻ തുടങ്ങിയാലമ്മയെൻ
തുടയിലടിക്കുവാനോടിയെത്തും

മണ്ണപ്പം ചുട്ടു കളിക്കുവാൻ പാടില്ല
മണ്ണിരയെയൊന്നു തൊട്ടും കൂടാ
കുഴി പാട്ടുംനേരം മധു മൊഴി ചൊല്ലുവാൻ
അണ്ണാനോടൊത്തു ചിലച്ചീടുവാൻ

ഒരുതുള്ളി പുതുമഴയെങ്ങാനും കൊള്ളുകിൽ
ഒരു പാട്ടു ചീത്ത പറയുമച്ഛൻ
അപ്പൂപ്പൻ താടിയോടൊപ്പം നടക്കുകിൽ
അപ്പൂപ്പൻ പോലും വഴക്കിടുന്നു

ആമ്പലിൻ പുഞ്ചിരി കണ്ടു രസിക്കുവാൻ
മീനുകളോടൊന്നു മിണ്ടീടുവാൻ
പാടത്തു പോയൊന്നു പട്ടം പറപ്പിക്കാൻ
പാട്ടൊന്നും പാടുവാൻ പാടില്ലത്രെ

# സിപ്പ് തുറന്നാൽ ഗൂഗിൾ

ബാഗിൻെറയും മറ്റും സിപ്പ് തുറക്കുന്നതുപേലെ ഗൂഗിൾ തുറക്കാം .ഹോം പേജിലെ ലോഗോ രണ്ടായി മുറിഞ്ഞ് ഇരുവശത്തേക്കുമായി നീങ്ങും രസകരമായ ഈ വിദ്യ കാണണോ ? ഗൂഗിളിൽ google zipper എന്നു ടൈപ്പ് ചെയ്ത് I AM FEELING LUCK യിൽ ക്ലിക്ക ചെയ്യൂ.സ്ക്രീനിൽ വലിയൊരു സിപ്പ് പ്രത്യക്ഷപ്പെടും.മൗസ് ഉപയോഗിച്ച് ഇത് വലിച്ചു തുറക്കാം. ഗൂഗിളിൻെ നിരവധി ഡൂഡിലുകളിലൊന്നാണ് ഇത്.സിപ്പ്കണ്ടുപിടിച്ച ഗിഡിയൺ സൺ ഡ്ബക്കിൻെറ ജന്മ ദിനത്തോടനുബന്ധിച്ച് ഗൂഗിൾ തയ്യാറാക്കിയരസികൻ ഡൂഡിലാണിത്.
1880 ലാണ് സൺഡ്ബ്ക്ക് ജനിച്ചത്..

# ദൈവത്തിൻെറ കൈയിലെ "പെൻസിൽ'!



ദൈവത്തിൻെറ കൈയിലെ പെൻസിൽ എന്നാണ് മദർ തെരേസ പലപ്പോഴും സ്വയംവിശേഷിപ്പിച്ചിരുന്നത്. ചെയ്യുന്ന നന്മകളൊന്നും തൻെറ മഹത്വമല്ലന്നും ദൈവത്തിൻെറ ഉപകരണം മാത്രമാണ് താൻ എന്നുമായിരുന്നു ലോകത്തിൻെറ ഏതു ഭാഗത്തുചെന്നാലുംമദർ പറഞ്ഞിരുന്നത്.

അവർ അധികമൊന്നും പ്രസംഗിച്ചിട്ടില്ല;എഴുതിയിട്ടു മില്ല.നൊബേൽ വേദിയിലുൾപ്പെടെ അവർ ഒരേയൊ രു കാര്യം മാത്രമേ പറഞ്ഞിരുന്നുള്ളൂ; ദൈവം എല്ലാവരെയും സ്നേഹിക്കുന്നു. എല്ലാവരും ദൈവത്തിൻെറ മക്കൾ.എല്ലാരെയും സ്നേഹിക്കുക .ദൈവത്തിനു വേണ്ടി സഹോദരങ്ങളെ സ്നേഹിക്കുക .ദൈവത്തിനു വേണ്ടി എന്തെങ്കിലും സുന്ദരമായത് ചെയ്യുക.


സഹജീവികളോടുള്ള നിസ്വാർഥമായ സ്നേഹം കൊണ്ട് ലോകത്തിൻെറ മുഴുവൻ ആദരം നേടിയെടു ത്ത ആ മഹതിക്ക് `ഭാരതരത്നം' സമ്മാനിക്കുന്ന ചടങ്ങിൽ `ഇന്ത്യയുടെ ഉരുക്കുവനിത' യായ ഇന്ദിരാഗാന്ധി പോലും വിതുമ്പിപോയി.

വിവേക് കുമാർ.വി,9c


മനസിനെ ഏകാഗ്രമാക്കുന്നതിനായി
അഥവാ ഈശ്വര സാക്ഷാത്കാരത്തിനായി
ഏതൊരു പ്രയത്നം ചെയ്യുന്നുവോ,
യമനിയമാദികൾ തുടർച്ചയായി അനുഷ്ടിക്കുന്നതിനേയും
അഭ്യാസം എന്നു പറയുന്നു.
© amritayoga.com


# യോഗസൗഖ്യം


ഭൗതിക ജീവിതം സന്തോഷവും സമാധാന പൂർണ്ണവുമാവാൻ,
ശാരീരികാരോഗ്യം കൂടിയേതീരൂ.
നിത്യവുമുള്ള യോഗാ പരിശീലനം ആരോഗ്യം നിലനിർത്തുന്നു.
© amritayoga.com


ജീവാത്മ പരമാത്മ
ഐക്യമാണ് ‘യോഗം’
© amritayoga.com


ശവാസനം,
മനസിന്റെ പൂർണ്ണമായ ലയാവസ്ഥയിലേക്കാണ് എത്തിക്കുന്നത്.
നിങ്ങളുടെ ജീവിതത്തിലെ ബാഹ്യവും, ആന്തരികവുമായ
നിശ്ചലതയുടെ സമാഗമം ഇവിടെ തുടങ്ങുന്നു.
© amritayoga.com

# പഴംപൊരി



വെള്ളമൊഴിച്ചു കുഴക്കളിയ

പഞ്ചാരത്തരി ചേർക്കളിയ

മഞ്ഞള് നുള്ള് കലക്കളിയ

പഴമതു പലതായരിയളിയ

മാവിൽ നന്നായി മുക്കളിയ

ചട്ടിയിലെണ്ണേൽ പൊരിയളിയ

കോരിക്കോരിയെടുക്കളിയാ

ചൂടൊടൊന്നു കടിക്കളിയ

ഹയ്യോ ചൂടെന്നലറളിയ

പൊള്ളിയ വായൊന്നൂതളിയ

ചമ്മിയപോലെ ചിരിക്കളിയ

**സച്ചിൻ**

9A



## സ്വഭാവം

വടിയെടുത്താൽ മടി ഓടും

- വലഞ്ഞവനോട്ട വാദിക്കരുത്
- മൊഴി തെറ്റരുത്,വഴി തെറ്റും
- മൊഴി മുട്ടുമ്പോൾ കൊഞ്ഞനം കാട്ടരുത്
- മുള്ളുവാക്ക് ഉള്ള നോവിക്കും



## അമ്മ

- അമ്മയില്ലെങ്കിൽ ഐശ്വര്യമില്ല
- അമ്മയുടെ കൈകൊണ്ട് ഉണ്ണണം
- അമ്മയുണ്ടെങ്കിൽ കണ്ണു വേണ്ട


## വിളക്കുമരം



**അലൻ അജയ്**
**9A**



## എത്രയെന്നു പറയാമോ?



# അലങ്കരിക്കാൻ അടിച്ചുമാറ്റാം

ഇതൊരു പക്ഷിയാണ്. കൂടിനടുത്ത് നീലനിറത്തിൽ
കുറേ സാധനങ്ങൾ ചിതറിക്കിടക്കുന്നത് കണ്ടില്ലേ ?



അതെല്ലാം ഈ പക്ഷി കൊണ്ടുവച്ചതാണ് . എന്തിനെന്നോ? സ്വന്തം കൂട് അലങ്കരിക്കാൻ .ഈ പക്ഷിയുടെ പേര്  'ബോവർ'. പെൺപക്ഷികളെ ആകർഷിക്കാനാണ് ബോവർ കൂടലങ്കരിക്കുന്നത്. മറ്റു ബോവർ  പക്ഷികളുടെ അലങ്കാരസാധനങ്ങൾ മോഷ്ടിക്കാനും ഇവർക്കു മടിയില്ല...

സമ്പാദകൻ:അജിത് കുമാർ

## “GOOGOL” NOT “GOOGLE”

1ഉം അതിനെ തുടർന്ന് 100 പൂജ്യവും ചേർന്നാൽ ഗൂഗോൾ (Googol) ആയി.

1ഉം ഗൂഗോൾ പൂജ്യവും ചേർന്നാൽ ഗൂഗോൾ പ്ളക്സ്(Googolplex) ആയി.

1ഉം ഗൂഗോൾ പ്ളക്സ് പൂജ്യവും ചേർന്നാൽ ഗൂഗോൾ പ്ളക്സിയൻ(Googolplexian) ആയി.

പേരിട്ടതിൽ വെച്ച് എറ്റവും വലിയ സംഖ്യ

'Googolplexian' ആണെന്ന് തോന്നുന്നു.

ശരിയാണോ ?

*ENGLiSH CHANNEL*

# ഒട്ടിപ്പോ വാക്കുകൾ

Hungry എന്നൊരു വാക്ക് കൂട്ടുകാർ കേട്ടിട്ടുണ്ടോ? Hungry,Angry എന്നീ വാക്കുകൾ ചേർന്നാണ് ഈവാക്കുണ്ടായത്.'വിശപ്പുകൊണ്ട് ദേഷ്യം പിടിച്ച എന്നാണ് ഇതിനർത്ഥം.

**ഇതുപോലെ രണ്ടു വാക്കുകൾ ചേർത്തുണ്ടാകുന്ന ഒറ്റവാക്കിന് ഒരു പേരുണ്ട്-Portmanteau word.**

**Portmanteau word ന് മറ്റൊരു ഉദാഹരണമാണ് Motel എന്ന വാക്ക്. Motor,Hotel എന്നീ വാക്കുകൾ ചേർന്നാണ് Motel ആയത്.മോട്ടോർ വാഹനം ഓടിച്ച് വരുന്നവർക്ക് സൗകര്യപ്രദമായ ഹോട്ടൽ എന്നാണ് ഇതിനർത്ഥം.**

# എൻെറ അമ്മ

**സ്നേഹമാണമ്മ**
സാന്ത്വനമാണമ്മ
താരാട്ടുപാട്ടിൻെറയീണമാണെൻെറയമ്മ
ഓരോ നിമിഷവുമെനിക്കായ്
കാത്തുവെച്ചതാണെൻെറയമ്മ
ഓരോ സ്വപ്നവുമെനിക്കായ്
കരുതി വെച്ചൻെറയമ്മ
അറിവിൻ നിറദീപം പകർന്നെ
ന്നെ ഞാനാക്കിമാറ്റിയതെൻെറയമ്മ
നേരിൻെറ തേൻകണം ചൊരിഞ്ഞെൻ
മനസ്സിൽ സ്നേഹമായിത്തീർന്നെൻെറയമ്മ
ഞാനായ്,എന്നിലെ നന്മയായ്,സ്നേഹമായ്
സ്വപ്നമായ്,ഭാവിയായി മാറിയതെല്ലാം
മെന്നമ്മതൻ വാക്കുകളല്ലോ.........
അമ്മതൻ പാദങ്ങളാണെൻ വഴിയിൽ
പൊൻവെളിച്ചം തൂകുന്നതെന്നറിയുന്നു ഞാൻ......

ലളിത
മലയാളം അധ്യാപിക

## ജീവികൾ വരുന്ന പഴഞ്ചൊല്ലുകൾ

അത്താഴം മുടക്കാൻ നീർക്കോലി മതി
ആനപ്പുറത്തിരിക്കുന്നവൻ നായയെ പേടിക്കണോ?
ആന കൊടുത്താലും ആശ കൊടുക്കരുത്
ആടറിയുമോ അങ്ങാടിവാണിഭം?
ആടിനെന്തിനാ ആനച്ചങ്ങല?
അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല
അകപ്പെട്ടാൽ പുലി പൂച്ച
അലഞ്ഞ പൂച്ചയേ എലിയെ പിടിക്കൂ

## പക്ഷികൾ വരുന്ന പഴഞ്ചൊല്ലുകൾ

കാക്ക കുളിച്ചാൽ കൊക്കാകുമോ?
കാക്ക കുറുകിയില്ലെങ്കിലും നേരം പുലരും
കാക്ക കരഞ്ഞാൽ കുയിൽ ആവില്ല
കാട്ടുകോഴിക്കെന്തു സംക്രാന്തി?
കൊക്കറ്റം തിന്നാലും കോഴി
കൊത്തികൊത്തി നിൽക്കും

**സമ്പാ:ജോയൽ**

# गाँधीजी के अनमोल वचन

जहाँ प्रेम है,वहां जीवऩ है।"

"डर शरीर का रोग ऩहीं,यह आत्म् को मारता है।"

**"विश्व के सारे महान् धरम मानव जाति की समानता,भाईचारे और सहिष्णुता का संदेश देता है।"**

# प्रेमचंद के अनमोल वचन

- घर सेवा की सीढी का पहला डंडा है।इसे छोडकऱ् तुम ऊपऱ् नहीं जा सकते।
- जीवन का सुख दूसरों को सुखी करने में हैं,उनको लूटने में नहीं।
- **गलती करना उतना गलती नहीं जितना उनहें दोहराना है।**

# FANTASTIC 2019

New year 2019.
2019 is the smallest number that can be written in 6 ways as the sum of the squares of 3 primes:

$$7^2 + 11^2 + 43^2 = 2019$$
$$7^2 + 17^2 + 41^2 = 2019$$
$$13^2 + 13^2 + 41^2 = 2019$$
$$11^2 + 23^2 + 37^2 = 2019$$
$$17^2 + 19^2 = 37^2 = 2019$$
$$23^2 + 23^2 + 31^2 = 2019$$

It's also the sum of all unique perfect powers up to
$3^5 = 243$

$$1^2 + 2^2 + 2^3 + 2^4 + 2^5 + 2^6 + 2^7 + 3^2 + 3^3 + 3^4 + 3^5 + 5^2 + 5^3 + 6^2 + 6^3 + 7^2 + 10^2 + 11^2 + 12^2 + 13^2 + 14^2 + 15^2 = 2019$$

# കൃഷ്ണാ നീയെന്നിൽ.....



കൃഷ്ണാ നീയെന്നിൽ നിറയുന്നു...
ഒരു മയിൽപ്പീലിത്തണ്ടായ്,
മഞ്ചാടിമണികളായ്..
ബാല ചാപല്യ കുസൃതിയായ്..

കൃഷ്ണാ നീയെന്നിലലിയുന്നു.
ഓടക്കുഴൽതൻ മനോഹര ഗാനമായ്
നീലക്കടമ്പിൻ തണലായ്...
രാധ തൻ ഹൃത്തിലെ പ്രണയമായ്..
കൃഷ്ണാ നീയെന്നിൽ നിറയുന്നു

കാമുകഭാവമായ്,പൗരുഷ രൂപമായ്...
യോഗിയായ്, എന്നിൽ നിറയും വികാരമായ്
നിറയുന്ന സ്നേഹമായ്,അമ്മ തൻ കരുണയായ്
അച്ഛന്റെ കരുതലായ് നീയെന്നിൽ നിറയുന്നു.

കൃഷ്ണാ നീയെന്നിലണയുന്നു
എന്നിൽ നിറയും അനന്തമാമൂർജ്ജമായ്
നിത്യസനാതനസത്യമായ്
എന്നിൽ നിറയും വികാരമായ്
തണലായ് നേരായ് നിറയുന്നു നീ.....

ജയലക്ഷ്മി പി,
ഗണിതാധ്യാപിക


flashscrap.com
നന്ദി